# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ - ജീവനക്കാര്യം – വനിതാ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ തസ്തികയിലേക്ക് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 16.11.2020 ലെ KLR 4-1/2/2019-KPSC നമ്പർ കൊല്ലം കേരള പബ്ലിക് സർവീസ് കമ്മീഷൻ റീജിയണൽ ഓഫീസിൽ നിന്നുള്ള അഡ്വൈസ് കത്ത്.

**<u>ഉത്തരവ് നമ്പർ. E6-14917/2020/PrHQ; തീയതി : 27-11-2020</u>**

ചുവടെ ചേർക്കുന്ന ഉദ്യോഗാർത്ഥികളെ പരാമർശം പ്രകാരം ജയിൽ വകുപ്പിലെ വനിതാ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ തസ്തികയിലേക്ക് കേരള പിഎസ്‌സി അഡ്വൈസ് ചെയ്തിരിക്കുന്നു. അപ്രകാരം പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് വനിതാ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ തസ്തികയിലേക്ക് താൽകാലികമായി 20000 – 45800 രൂപാ ശമ്പള സ്കെയിലിൽ ചുവടെ ചേർക്കുന്ന രീതിയിൽ നിലവിലുള്ള ഒഴിവിലേക്ക് നിയമന ഉത്തരവ് നല്കുന്നു.

| ക്രമ നമ്പർ | ഉദ്യോഗാർത്ഥിയുടെ പേരും വിലാസവും | നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | SANDHYA G<br>CHIRAYIL PUTHEN VEEDU<br>MANJAMALA<br>MANJAMALA P.O.<br>THIRUVANANTHAPURAM – 695 313 | Women Prison, Viyyur |
| 2 | ATHIRA U<br>PALAKKOTTU<br>SOUTH WEST THAZHAVA<br>THAZHAVA P.O.<br>KARUNAGAPPALLY<br>KOLLAM – 690 523 | District Jail, Palakkad |
| 3 | JYOSHNI P<br>THAYHATHU VALAPIL<br>TRIKAIPUR<br>KASARAGOD – 671 310<br><br><u>Communication Address</u><br><br>JYOSHNI P<br>THAYATH VALAPPIL<br>TRIKARIPUR<br>KASARAGOD – 671 310 | District Jail, Kozhikkode |

മേൽ ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർ മുമ്പാകെ ഈ ഉത്തരവ് ലഭിച്ച് 14 ദിവസത്തിനകം താഴെ പറയുന്നവയുടെ ഒറിജിനൽ രേഖകളുമായി ജോലിയിൽ പ്രവേശിക്കുന്നതിനായി ഹാജരാകേണ്ടതാണ്.

യോഗ്യത, ജനന തീയതി, ജാതി എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രം, നോൺ ക്രീമി ലെയർ സർട്ടിഫിക്കേറ്റ് (സാമുദായിക സംവരണത്തിന് അർഹതയുള്ളവർ), അടുത്തിടെ എടുത്ത രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോകൾ.

കൂടാതെ കേരള സർവീസ് റൂൾസ് പാർട്ട് 1 റൂൾ 13 അനുശാസിക്കുന്ന വിധം (ജി.ഓ.(പി) 20/2011/പി&എആർഡി തീയതി 30.06.2011) സർക്കാർ സർവീസിലുള്ള സിവിൽ സർജൻറെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്നുള്ള ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ്, ഏതെങ്കിലും ഗസറ്റഡ് ഓഫീസറിൽ നിന്നും ലഭ്യമാക്കിയ സ്വഭാവ സർട്ടിഫിക്കേറ്റ്, കേരള പിഎസ്സി യിൽ നിന്നുള്ള ഒറ്റ തവണ പരിശോധനാ സാക്ഷ്യപത്രത്തിൻറെ ഒറിജിനൽ എന്നിവ ഹാജരാക്കേണ്ടതുമാണ്. ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് 1958 ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ റൂൾ 3(സി) യിലെ ജനറൽ റൂൾസിന് വിധേയമായിരിക്കും. നിയമനം താൽകാലികമായിരിക്കും (ക്ലാസ് (1) സബ് റൂൾ (എ) റൂൾ 9, ജനറൽ റൂൾസ് - 05.03.1974 ലെ ജി.ഓ.(പി) 49/74/പിഡി). ജോലിയിൽ പ്രവേശിക്കുവാൻ വരുന്ന സമയത്ത് പോലീസ് വെരിഫിക്കേഷൻ നടത്തുന്നതിനുള്ള പ്രോഫോർമ (അനുബന്ധം –I) പൂരിപ്പിച്ച് നൽകേണ്ടതുമാണ്.

നിശ്ചിത സമയത്തിനുള്ളിൽ ജോലിയിൽ പ്രവേശിച്ചില്ലായെങ്കിൽ മുന്നറിയിപ്പില്ലാതെ നിയമനം റദ്ദ് ചെയ്യുന്നതായിരിക്കും.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: 1. ബന്ധപ്പെട്ട ഉദ്യോഗാർത്ഥികൾ
2. സൂപ്രണ്ട്
വനിതാ ജയിൽ, വിയ്യൂർ, ജില്ലാ ജയിൽ, കോഴിക്കോട്/ പാലക്കാട്
(ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് കത്തിൻറെ പകർപ്പ്, ഒറ്റത്തവണ രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റിന്റെ പകർപ്പ് എന്നിവ ഉള്ളടക്കം ചെയ്യുന്നു. പരാമർശിച്ചിരിക്കുന്ന രേഖകൾ ഉദ്യോഗാർത്ഥികൾ ഹാജരാക്കുന്ന ഒറിജിനലുമായി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും മേൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ച് വിവരമറിയിക്കേണ്ടതും ഉദ്യോഗാർത്ഥികളെ ജോലിയിൽ പ്രവേശിപ്പിച്ച ഉത്തരവിൻറെ പകർപ്പ് അയക്കേണ്ടതും പൂരിപ്പിച്ച അനുബന്ധം – I സൂപ്രണ്ട് ഒപ്പ് രേഖപ്പെടുത്തി ഓഫീസ് സീൽ പതിപ്പിച്ച് പോലീസ് വെരിഫിക്കേഷൻ നടത്തി വെരിഫിക്കേഷൻ റിപ്പോർട്ട് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്. അർഹരായ ഉദ്യോഗാർത്ഥികളുടെ നോൺ ക്രീമിലെയർ സർട്ടിഫിക്കേറ്റ്, കമ്മ്യൂണിറ്റി സർട്ടിഫിക്കേറ്റ് എന്നിവ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്).

പകർപ്പ് : റീജിയണൽ ഓഫീസർ
കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ
റീജിയണൽ ഓഫീസ്, കൊല്ലം

ഡിഐജി ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ, സീനിയർ എ ഒ, പിഎ ടു ഡിജിപി, സൂപ്രണ്ട് (എസ്റ്റ്), ഫയൽ, കരുതൽ ഫയൽ.